ശൂന്യവേതന അവധി എടുത്ത് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലാന്റ് മാനേജ്മെന്റിൽ ജോലി ചെയ്യുന്ന ഉദ്യോഗസ്ഥനെതിരെ നടപടി

70 (2929) ശ്രീ. കെ. എ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആറിലെ അപ്പെൻഡിക്സ് 12.എ. വ്യവസ്ഥ പ്രകാരം ഒരു എയ്ഡഡ് കോളേജിൽ നിന്നും ശൂന്യവേതന അവധി എടുത്ത് ഗവൺമെന്റിന് പൂർണ്ണമായും ധനസഹായം നൽകുന്ന സ്ഥാപനത്തിലേക്ക് വരുന്നത് ക്രമാനുസൃതമാണോ ;

(ബി) അല്ലാത്ത പക്ഷം കൊല്ലം ടി.കെ.എം., എഞ്ചിനീയറിംഗ് കോളേജിൽ ജിയോളജി ലെക്ച്ചറായി ജോലി ചെയ്തിരുന്ന വ്യക്തി ശൂന്യവേതന അവധി എടുത്ത് സർക്കാർ ധനസഹായം നൽകുന്ന ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലാന്റ് മാനേജ്മെന്റിൽ എപ്രകാരം ജോലിക്ക് ജോയിൻ ചെയ്തു എന്ന് വ്യക്തമാക്കാമോ ;

(സി) അപ്രകാരം ചെയ്യുന്നതിന് ഉന്നത വിദ്യാഭ്യാസ വകുപ്പ് എന്തടിസ്ഥാനത്തിൽ അനുവാദം നൽകിയെന്ന് വെളിപ്പെടുത്തുമോ ;

(ഡി) പ്രസ്തുത നടപടി തെറ്റാണെങ്കിൽ അത് റിവ്യൂ ചെയ്യുമോ ;

(ഇ) ഇല്ലെങ്കിൽ അത് വിശദീകരിക്കുമോ ;

(എഫ്) ക്രമാനുസൃതമല്ലാതെ ബന്ധപ്പെട്ടവരെ തെറ്റിദ്ധരിപ്പിച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലാന്റ് മാനേജ്മെന്റിൽ ജോലിക്ക് പ്രവേശിച്ച ജീവനക്കാരുടെ പേരിൽ നടപടി എടുക്കുമോ ?

ഉത്തരം

(എ) അല്ല.

(ബി) ടി. കെ. എം. കോളേജ് പ്രിൻസിപ്പാളിന്റെ 30-7-2002-ലെ ഇ2/1862/02 കത്ത് പ്രകാരം ഡോ. കെ. ജി. താരയെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലാന്റ് മാനേജ്മെന്റിൽ എൽ.ഡി.എം. ഫാക്കൽറ്റി തലവനായി നിയമിക്കാൻ തെരഞ്ഞെടുത്തു. 17-7-2002-ലെ സർക്കാർ ഉത്തരവ് എം.എസ്.നമ്പർ 236/02/റവന്യൂ പ്രകാരം ഡോ. കെ. ജി. താര ടി. കെ. എം. കോളേജ് പ്രിൻസിപ്പാളിന് അപേക്ഷ കൊടുക്കുകയും ചെയ്തു. അതിനുപുറമേ ഡോ. കെ. ജി. താര കെ.എസ്.ആർ. അപ്പെൻഡിക്സ് 12(എ) പ്രകാരം ലീവ് അനുവദിക്കാൻ എന്തെങ്കിലും തടസ്സമുണ്ടെങ്കിൽ ഡോ. താരയുടെ യഥാർത്ഥ സ്ഥാപനത്തിൽ തന്നെ നിലനിർത്താനുള്ള അവകാശം സർക്കാർ ഉത്തരവ് (പി)40/81/ജി.എ.ഡി തീയതി 18-2-1981, ജി.ഒ. (പി) 330/69/പി. ഡി. തീയതി 31-10-1969 പ്രകാരം ഉണ്ടാക്കണമെന്നും അപേക്ഷിച്ചിരുന്നു. മേൽ അപേക്ഷയുടെ അടിസ്ഥാനത്തിൽ 27-6-2002-ലെ സർക്കാർ കത്ത് 22530/കെ3/2002/ഉ.വി.വ.പ്രകാരം ഡോ. താരയെ ശൂന്യവേതന അവധിയിൽ പോകുന്നതിന് അനുവദിക്കുകയുണ്ടായി.

(സി) കേരള സർവ്വീസ് റൂൾസിലെ അനുബന്ധം 12 (എ)-ൽ പറയുന്ന നിബന്ധനകൾക്ക് വിധേയമായാണ് ശൂന്യവേതന അവധി അനുവദിച്ചത്.

(ഡി) പരിശോധിക്കുന്നതാണ്.

(ഇ) ബാധകമല്ല.

(എഫ്) പരിശോധിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly